# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1265 — 12.03.15 ൽ - മറുപടിക്ക്

## പഞ്ചായത്തുതല സിവിൽ സപ്ലൈസ് വിജിലൻസ് കമ്മിറ്റികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ്<br>,, എം.പി. വിൻസെന്റ്<br>,, ലൂഡി ലൂയിസ്<br>,, കെ. ശിവദാസൻ നായർ : | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സിവിൽ സപ്ലൈസ് വകുപ്പിന് കീഴിൽ പഞ്ചായത്തുതല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രവർത്തനങ്ങൾ വിശദമാക്കുമോ;<br><br>(ബി) സിവിൽ സപ്ലൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് പ്രസ്തുത കമ്മിറ്റികൾ എത്രമാത്രം പ്രയോജനപ്പെടുമെന്ന് വിശദമാക്കുമോ; | (എ) & (ബി) | ഉണ്ട്. റേഷൻ സാധനങ്ങൾ യഥാസമയം ശരിയായ അളവിലും തൂക്കത്തിലും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുക, റേഷൻ സാധനങ്ങളുടെ കരിഞ്ചന്ത പൂഴ്ത്തിവയ്പ്പ് ഇവ തടയുക മുതലായ പ്രവർത്തനങ്ങൾക്ക് വിജിലൻസ് സമിതികൾ വകുപ്പിന് സഹായകമാകുന്നുണ്ട്. കൂടാതെ സമിതിയോഗങ്ങളിൽ ഉന്നയിക്കുന്ന പരാതികൾക്ക് പരിഹാരം കാണാനും കഴിയുന്നുണ്ട്. |
| (സി) എല്ലാ പഞ്ചായത്തുകളിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും പഞ്ചായത്തുതല വിജിലൻസ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്തു പ്രസിഡന്റ് ചെയർമാനും താലൂക്ക് സപ്ലൈ ഓഫീസർ കൺവീനറുമായ കമ്മിറ്റിയിൽ വാർഡ് മെമ്പർമാർ, നിയമസഭയിൽ പ്രാതിനിധ്യമുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളിൽ നിന്നും ഓരോ പ്രതിനിധികൾ, റേഷനിംഗ് ഇൻസ്പെക്ടർ, ലീഗൽ മെട്രോളജി, റവന്യൂ, ഹെൽത്ത്, പഞ്ചായത്ത്, പൊലീസ് വകുപ്പുകളിൽ നിന്നും ഓരോ പ്രതിനിധികൾ എന്നിവർ അംഗങ്ങൾ ആയിരിക്കും. പ്രസ്തുത കമ്മിറ്റി എല്ലാ രണ്ടു മാസത്തിലും ഒരിക്കൽ യോഗം കൂടേണ്ടതുമാകുന്നു. പൊതുവിതരണ രംഗത്തെ അനഭിലഷണീയ പ്രവണതകൾ ഇല്ലാതാക്കാനും പൊതുവിതരണം കൂടുതൽ കാര്യക്ഷമവും സുതാര്യവും പരാതിരഹിതവുമായി നടപ്പിൽ വരുത്തുന്നതിനായി പഞ്ചായത്തുതല ഭക്ഷ്യോപദേശ വിജിലൻസ് സമിതികൾ പ്രവർത്തിച്ചു വരുന്നു. |
| (ഡി) രൂപീകരിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള നടപടികൾ കൈക്കൊള്ളുമോ; വിശദമാക്കുമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ